**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1089** **06-10-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി റിസർവോയറിലെ മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെടുന്ന കുറ്റ്യാടി ജലസേചന പദ്ധതിയിലെ റിസർവോയറിൽ ആധുനിക രീതിയിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പെരുവണ്ണാമൂഴി എസ്സി/എസ്റ്റി ഫിഷർമെൻ കോർപ്പറേറ്റീവ് സൊസൈറ്റിയിലെ അംഗങ്ങളായ 100 ഗുണഭോക്താക്കളെയാണ് കൂട്ട മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. |
| (ബി) | നിലവിൽ ഏതെങ്കിലും സഹകരണ സംഘങ്ങൾ പ്രസ്തുത റിസർവോയറിൽ മത്സ്യകൃഷി നടത്തുന്നുണ്ടോ; | (ബി) | ഉണ്ട്. പെരുവണ്ണാമൂഴി എസ്സി/എസ്റ്റി ഫിഷർമെൻ കോർപ്പറേറ്റീവ് സൊസൈറ്റിയിലെ അംഗങ്ങളായ 100 ഗുണഭോക്താക്കളെയാണ് കൂട്ട മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. |
| (സി) | പ്രസ്തുത സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; | (സി) | പദ്ധതിയുമായി സഹകരിക്കുന്ന ഗുണഭോക്താക്കൾക്ക് ദിവസവേതനമായി 600/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ തുക തൊഴിലാളികൾക്ക് നൽകുന്നുണ്ട????. മത്സ്യവിളവെടുപ്പും വിപണനവും ആരംഭിക്കുന്ന മുറയ്ക്ക് അതിലൂടെ ലഭിക്കുന്ന ലാഭത്തിന്റെ നിശ്ചിത വിഹിതവും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതാണ്. മത്സ്യകൃഷി പ്രവർത്തനങ്ങൾക്കുവേണ്ടി ഗുണഭോക്താക്കൾക്ക് പരിശീലനവും നൽകി വരുന്നു. |
| (ഡി) | മത്സ്യവിപണനവും സംസ്കരണവുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | റിസർവോയറിലെ മത്സ്യകൃഷിയുടെ ഒരു സംയോജിത വികസനമാണ് ടി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മത്സ്യകൃഷി വഴി ഉത്പ്പാദിപ്പിക്കുന്ന മത്സ്യം കേട് കൂടാതെ സൂക്ഷിക്കുന്നതിനും അവ വിപണനം ചെയ്യുന്നതിനുമുള്ള അടിസ്ഥാന സൗകര്യ വികസനവും പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതി വഴി പെരുവണ്ണാമൂഴിയിൽ സ്ഥാപിച്ചിട്ടുള്ള മത്സ്യക്കൂടുകളിൽ നിന്നുമാത്രം വർഷാവർഷം 100 മെടിക് ടൺ മത്സ്യം അധികമായി ഉത്പ്പാദിപ്പിച്ച് 200 ലക്ഷം രൂപയുടെ വരുമാനം ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ